**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2730** **03-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിനും ഫുഡ് പ്രോസസ്സിങ്ങിനും അഗ്രി സ്റ്റാർട്ടപ്പുകൾക്കും അഗ്രി ബിസിനസുകൾക്കും പ്രോത്സാഹനം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടാണ് എസ്.എഫ്.എ.സി വഴിയുള്ള പദ്ധതികൾ നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യ വർധിത ഉൽപ്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെ പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി വഴി നടപ്പാക്കുന്നത്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ച ഘട്ടങ്ങളിലും സഹായിക്കുമാറ് പുതുതായി കേരളത്തിൽ 50 കർഷക ഉത്പാദക സംഘടനകൾ സ്ഥാപിക്കാനും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുന്നതിനും ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.എഫ്.എ.സി കേരള ലക്ഷ്യമിട്ടുണ്ട്. ഇത് വഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും, തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. |
| (ബി) | ഏതൊക്കെ കാർഷിക വിളകളുടെ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ പരീക്ഷിച്ചു എന്നും ഏതൊക്കെ വിജയം കൈവരിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | ചക്ക, കൈതച്ചക്ക, കപ്പ, പപ്പായ തുടങ്ങിയവയുടെ മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ കാര്യത്തിൽ കൈക്കൊണ്ട നടപടികളും അവയുടെ ഫലം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ; ഇതിനായി ട്രെയിനിങ് കോഴ്സുകൾ കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | ചക്കയുടെ മൂല്യവർദ്ധനത്തിനായി ഇടുക്കി ജില്ലയിലെ കലയന്താനിയിൽ ചക്ക സംസ്കരണ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഇത് വഴി ഫ്രോസൺ ജാക്ക്, ചക്ക അട, ചക്ക കുരു തുടങ്ങിയവ തളിർ ബ്രാൻഡിൽ വിപണനം ചെയുന്നുണ്ട്. കോട്ടയം ജില്ലയിലെ പാറത്തോട് പഴം സംസ്കരണ കേന്ദ്രത്തിൽ നിന്നും ഡീഹൈഡ്രേറ്റഡ് പൈനാപ്പിൾ ഉല്പന്നവും |

| | | | |
|---|---|---|---|
| | | | സീസണലായി വിപണനം ചെയുന്നുണ്ട്. ഈ രണ്ട് യൂണിറ്റും ആരംഭിക്കുന്നതിനു മുമ്പ് കേരള കാർഷിക സർവകലാശാലയിൽ നിന്നും പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും കർഷകർക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. വാഴക്കുളത്ത് പ്രവർത്തിക്കുന്ന പൈനാപ്പിൾ പ്രോസസിംഗ് സെന്റർ വഴി കർഷകരിൽ നിന്നും പൈനാപ്പിൾ ശേഖരിച്ച് പൾപ്പാക്കി സംരക്ഷിക്കുകയും വിപണനം ചെയ്തു വരികയും ചെയ്യുന്നു. കൂടാതെ ജൈവ് എന്ന ലേബലിൽ പൈനാപ്പിൾ ജ്യൂസ് നിർമ്മിച്ച് വിതരണം ചെയ്തു വരുന്നു. കോവിഡ് 19 ന്റെ സാഹചര്യത്തിൽ കപ്പയുടെ വിപണനത്തിൽ പ്രതിസന്ധി ഉണ്ടായപ്പോൾ ഹോർട്ടികോർപ് നേരിട്ട് കപ്പ സംഭരിക്കുകയും വാട്ട് കപ്പയാക്കി വിപണനം നടത്തുകയും ചെയ്ത് വരുന്നു. കാർഷിക മേഖലയിലെ എല്ലാ മൂല്യ വർദ്ധിത ഉൽപന്നങ്ങളെ കുറിച്ചും നിർമ്മാണ രീതികളെക്കുറിച്ചും കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കൃഷിവകുപ്പിന്റെ സ്ഥാപനങ്ങൾ തുടങ്ങിയവ വഴി പുതിയ സംരംഭകർക്കും കർഷകർക്കും പരിശീലനം നൽകി വരുന്നു. |
| (ഡി) | കേരളത്തിലെ മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ കയറ്റുമതി സാധ്യത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ഡി) | കേരളത്തിൽ കാർഷിക കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള പോരായ്മകളും അടിസ്ഥാന സൗകര്യവികസന ആവശ്യകതയും മനസ്സിലാക്കുന്നതിന് വി.എഫ്.പി.സി.കെ ഒരു പഠനം നടത്തുകയുണ്ടായി. ടി റിപ്പോർട്ടിൽ ചക്ക ചിപ്പ്സ്, ചക്കപ്പൊടി, ഓസ്മോ ഡ്രൈഡ് ജാക്ക് , ചക്കക്കുരു പൊടി, മാമ്പഴ പൾപ്പ് , നേന്ത്രക്കായ ചിപ്പ്സ് , ബനാന ഫൈബർ ഉൽപ്പന്നങ്ങൾ എന്നീ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് കയറ്റുമതി സാധ്യതയുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

# **അനുബന്ധം**

| നമ്പർ | വിളകളുടെ പേര് | ഉത്പന്നങ്ങളുടെ പേര് |
|---|---|---|
| 1 | പ്ലാവ് | ചക്കച്ചുള ഉണക്കി പൊടിച്ചത്, ചക്ക പൾപ്പ് , ചക്ക വരട്ടി, ചക്ക ജാം, ചക്ക പുട്ട് പൊടി, ചക്ക ചപ്പാത്തി പൊടി, ചക്ക ഉപ്പുമാവ്, ചക്ക വാക്വം ഡ്രൈ ഫ്രൈ |
| 2 | കപ്പ | കാപ്പ ചിപ്സ്, കാപ്പ പുട്ട് പൊടി |
| 3 | പച്ചക്കറികൾ | ഫ്രഷ് കട്ട് വെജിറ്റബിൾസ് , വാക്വം ഫ്രൈഡ് ചിപ്സ് , ജിഞ്ചർ ഗാർലിക്ക് പേസ്റ്റ് , ടൊമാറ്റോ കെച്ചപ്പ് |
| 4 | പഴവർഗ്ഗങ്ങൾ | ഫ്രൂട്ട് പൾപ്പ് , റെഡി ടു സർവ് ഫ്രൂട്ട് ബിവറേജ് , ഫ്രൂട്ട് നെക്ടർ, ബനാന ചിപ്സ് |
| 5 | സുഗന്ധവ്യഞ്ജന വിളകൾ | എസ്സെൻഷ്യൽ ഓയിൽ , ഒലിയോറെസിൻ |
| 6 | കൈതച്ചക്ക | ക്യാൻറ് പൈനാപ്പിൾ സിറപ്പ്, പൈനാപ്പിൾ ജാം, പൈനാപ്പിൾ പൾപ്പ് |
| 7 | പാഷൻ ഫ്രൂട്ട് | പാഷൻ ഫ്രൂട്ട് ജ്യൂസ് |
| 8 | കോക്കനട്ട് | ചിൽഡ് ടെൻഡർ കോക്കനട്ട് , ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ , വെർജിൻ കോക്കനട്ട് ഓയിൽ, ചമ്മന്തിപ്പൊടി, തീയൽ മിക്സ്, അവലോസുപൊടി, വറുത്ത തേങ്ങാപ്പീര, തേങ്ങാപ്പാൽ ഹെയർ ഓയിൽ, ബേബി ഓയിൽ, തേങ്ങാപ്പാൽ ചേർത്ത് നിർമ്മിക്കുന്ന കോക്കനട്ട് മിൽക്ക് സോപ്പ്, കോക്കനട്ട് മിൽക്ക് ഷാംപൂ, വറുത്തരച്ച തേങ്ങ, വറുക്കാതെ അരച്ച തേങ്ങ, തേങ്ങാപ്പാൽ |

മുകളിൽ പറഞ്ഞ ഉൽപ്പന്നങ്ങൾ എസ്.എഫ്.എ.സി. സഹായം നൽകിയ സംരംഭകർ പരീക്ഷിക്കുകയും വിജയകരമായി നടത്തി വരുകയും ചെയ്യുന്നു.

| ക്രമ നമ്പർ | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മതല സംരംഭം | 25 ലക്ഷം രൂപവരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30% പരമാവധി 50 ലക്ഷം |